**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2291** **21-06-2024 - ൽ മറുപടിയ്ക്ക്**

**ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഹരിത കർമ്മസേന നടത്തുന്ന മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ രാജ്യമാകെ ചർച്ച ചെയ്യപ്പെടുന്നതായും വരുമാനലബ്ധിക്കപ്പുറം സാമൂഹ്യസേവനത്തിലധിഷ്ഠിതമായ അവരുടെ പ്രവർത്തനം പൊതുസമൂഹം അംഗീകരിച്ചിട്ടുള്ളതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്** |
| (ബി) | ഹരിത കർമ്മസേനയുടെ പ്രവർത്തനത്തെ വരുമാനലബ്ധിക്ക് അപ്പുറം സാമൂഹ്യസേവനത്തിലധിഷ്ഠിതമായ പ്രവൃത്തിയായി പൊതുസമൂഹം അംഗീകരിച്ചിട്ടുള്ളതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്** |
| (സി) | ഹരിത കർമ്മസേനയ്ക്ക് 2021-22 വർഷം മുതൽ നാളിതുവരെയായി എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും പ്രസ്തുത കാലയളവിൽ സംസ്കരിക്കപ്പെട്ട അജൈവ മാലിന്യങ്ങളുടെ അളവും അതുവഴി വരുമാനമായി ലഭിച്ച തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (സി) | ഹരിതകർമ്മ സേന നിലവിൽ സൂക്ഷ്മ സ്വയം തൊഴിൽ സംരംഭ മാതൃകയിലാണ് പ്രവർത്തിക്കുന്നത്. വീടുകൾ , സ്ഥാപനങ്ങൾ മുതലായവയിൽ നിന്ന് ലഭിക്കുന്ന യൂസർ ഫീസ് പുനരുപയോഗ സാധ്യമായ പാഴ്വസ്തുക്കൾ കൈമാറുന്നതിലൂടെ ലഭിക്കുന്ന വരുമാനം, മറ്റു സംരംഭ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ലഭിക്കുന്ന തുക ഹരിത കർമ്മ സേന കൺസോർഷ്യം അംഗങ്ങൾ എന്നതിന് ആനുപാതികമായി വീതം വയ്ക്കുന്ന രീതിയിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ തൊഴിൽദിനങ്ങൾ കണക്കാക്കി നൽകാൻ കഴിയുന്നില്ല. 2021-2022 മുതൽ 2023-2024 വരെ 99603 മെട്രിക് ടൺ മാലിന്യം ശേഖരിച്ചിട്ടുണ്ട് . ടി കാലയളവിൽ 536 കോടി രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ